# അധികരിച്ച് പ്രാർത്ഥിക്കേണ്ട വചനങ്ങളുടെ മഹത്വം

അനസ്ﷺവിൽനിന്നും നിവേദനം:

«كان أكثر دعاء النبي ﷺ: ربنا آتنا في الدنيا حسنةً وفي الآخرة حسنة وقنـا عذاب النار»

«നബിﷺയുടെ ദുആകളിൽ അദ്ദേഹം ഏറ്റവും കൂടുതൽ പ്രാർത്ഥിച്ചിരുന്ന ദുആ:

رَبَّنَا آتِنَا فِي الدُّنيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ

(ഞങ്ങളുടെ രക്ഷിതാവേ ഞങ്ങൾക്ക് ദുനിയാവിൽ നന്മ നൽകേണമേ, ആഖിറത്തിലും നന്മനൽകേണമേ, നരകശിക്ഷയിൽ നിന്ന് നീ ഞങ്ങളെ കാക്കേണമേ....)എന്നതായിരുന്നു. (ബുഖാരി)

ആഇശാﷺയിൽ നിന്ന് നിവേദനം: അവർ പറഞ്ഞു:

كَانَ أَكْثَر دعاءِ النبي ﷺ قَبلَ موته : «اللهم إني أَعوذُ بِك من شر مـا عملت ومن شر ما لَم أَعملْ بعد»

«പ്രവാചകൻﷺയുടെ ദുആകളിൽ അദ്ദേഹം മരണപ്പെടുന്നതിന് മുമ്പ് ഏറ്റവും വർദ്ധിപ്പിച്ചിരുന്ന ദുആ:

اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ شَرِّ مَا عَمِلْتُ وَمِنْ شَرِّ مَا لَمْ أَعْمَلْ بَعْدُ

(അല്ലാഹുവേ, ഞാൻ പ്രവർത്തിച്ചതിലെ തിന്മയിൽനിന്നും ഇനിയും ഞാൻ പ്രവർത്തിച്ചിട്ടില്ലാത്തതിലെ തിന്മയിൽനിന്നും ഞാൻ നിന്നോട് അഭയം തേടുന്നു.) എന്നതായിരുന്നു.» [1]

**അമീർ നായിഫ് ഇബ്നു മംദൂഹ് ആലു സുഊദിന്റെ 'ഫുറസ്വു കസ്ബി ഥ്ഥവാബ്' എന്ന ഗ്രന്ഥത്തിൽ നിന്ന്**

**വിവർത്തനം: അബ്ദുൽ ജബ്ബാർ അബ്ദുല്ല**

---

[1] സുനനു ന്നിസാഇ. അൽബാനി ഹദീഥിനെ 'സ്വഹീഹ്" ആക്കിയിട്ടുണ്ട്.